**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 101** — **23-01-2025 - ൽ മറുപടിയ്ക്ക്**

**മോഷണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മോഷണങ്ങൾ വർദ്ധിക്കുന്നത് തടയാൻ സാധിക്കുന്നില്ലെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് മോഷണങ്ങൾ വർദ്ധിക്കുന്നത് തടയാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നില്ല. |
| (ബി) | കുറുവാ സംഘം ഉൾപ്പെടെ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ക്രിമിനൽ സ്വഭാവമുള്ള മോഷണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | കുറുവ സംഘം ഉൾപ്പെടെയുള്ള ഇതര സംസ്ഥാന സംഘങ്ങൾ സംസ്ഥാനത്ത് മോഷണം നടത്തിയ സംഭവങ്ങളിൽ മോഷ്ടാക്കളെ കണ്ടെത്തി അറസ്റ്റ് ചെയ്തു നിയമ നടപടികൾ സ്വീകരിക്കാനായത് പോലീസിന്റെ കുറ്റാന്വേഷണ മികവിന്റെ ഉദാഹരണമാണ്. നമ്മുടെ പോലീസ് സേന വികസിപ്പിച്ചെടുത്തവ ഉൾപ്പെടെയുള്ള അത്യാധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ തിരിച്ചറിയൽ മാർഗ്ഗങ്ങൾ ഇന്ന് മോഷ്ടാക്കളെ തിരിച്ചറിയുന്നതിന് സാധിക്കുന്നു. കേരളത്തിൽ കുറുവാ സംഘം നടത്തിയ മോഷണങ്ങൾ കണ്ടെത്തി കുറ്റക്കാരെ അറസ്റ്റ് ചെയ്യാനായത് ഇതിൽ പ്രധാനവുമാണ്. |
| (സി) | എങ്കിൽ പ്രസ്തുത സംഘങ്ങളെ കീഴ്പ്പെടുത്താൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഈ കാര്യത്തിൽ അടിയന്തര കർമ്മ പദ്ധതി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | റിപ്പോർട്ട് ചെയ്യപ്പെടുന്ന മോഷണ കേസുകളുടെ സ്വഭാവവും വ്യാപ്തിയും മനസ്സിലാക്കി ആയതിന്റെ ഗൗരവം ഉൾക്കൊണ്ടു കൊണ്ടുള്ള അന്വേഷണ പദ്ധതികളാണ് പോലീസ് ആവിഷ്കരിക്കുന്നത്. ഇതിനായി CCTV ക്യാമറകൾ, മൊബൈൽ കാൾ ഡാറ്റാ അനാലിസിസ്, മൊബൈൽ ടവർ ലൊക്കേഷൻ എന്നിവ ശേഖരിച്ച് ശാസ്ത്രീയമായി വിശകലനം ചെയ്ത് പ്രതികളെ പിൻതുടർന്ന് ചെന്ന് കേരള പോലീസ് പിടികൂടിയത് ജനശ്രദ്ധ ആകർഷിച്ചിട്ടുള്ളതും ദേശീയ മാധ്യമങ്ങൾ ഉൾപ്പെടെ റിപ്പോർട്ട് ചെയ്യപ്പെട്ടതുമാണ്. |

സെക്ഷൻ ഓഫീസർ